ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:14.09.2026


## പ്രധാനവാർത്തകൾ

1. നികുതി വർധിപ്പിക്കാതെ, നികുതി വരുമാനം വർധിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ.
2. സംസ്ഥാനത്തെ 38 തദ്ദേശഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി അവസാനിച്ചു
3. മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം മുഖ്യമന്ത്രി വി.ഡി. സതീശനുമായി മലപ്പുറത്ത് കൂടിക്കാഴ്ച നടത്തി.
4. ബജറ്റിൽ പ്രഖ്യാപിച്ച വികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കാൻ സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന റീഇമാജിനിങ് കേരളം വട്ടമേശ സമ്മേളനം മറ്റന്നാൾ തിരുവനന്തപുരത്ത്.
5. 108 ആംബുലൻസ് ജീവനക്കാർക്ക് 4,500 രൂപ ബോണസ് അനുവദിക്കാൻ മന്ത്രി ബിന്ദു കൃഷ്ണയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം.
6. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

RNU TVPM

*******************************************

## മുഖ്യമന്ത്രി- നികുതിപിരിവ്

നികുതി വർധിപ്പിക്കാതെ, നികുതി വരുമാനം വർധിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുതുതായി വാങ്ങിയ 64 ഔദ്യോഗിക വാഹനങ്ങളുടെ ഫ്ലാഗ് ഓഫ് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കരകയറാൻ സംസ്ഥാനത്തെ പ്രാപ്തമാക്കുന്നതിൽ ജിഎസ്ടി വകുപ്പ് നിർണായക പങ്ക് വഹിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

********************************

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി അവസാനിച്ചു. ഈ മാസം 28 നാണ് വോട്ടെടുപ്പ്. 29 ന് ഫലം പ്രഖ്യാപിക്കും.

RNUTVPM

********************************

## മലേഷ്യൻ പ്രധാനമന്ത്രി

മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിം മുഖ്യമന്ത്രി വി.ഡി. സതീശനുമായി മലപ്പുറത്ത് കൂടിക്കാഴ്ച നടത്തി. വ്യവസായ വകുപ്പ് മന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടി, മുസ്ലീംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി തങ്ങൾ, നിക്ഷേപകർ എന്നിവരുമായും മലേഷ്യൻ പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

********************************

## കൊല്ലം - എൻ. കെ. പ്രേമചന്ദ്രൻ (ഇൻട്രോ)

അമൃത് ഭാരത് പദ്ധതിയുടെ ഭാഗമായി പുനർനിർമ്മിക്കുന്ന കൊല്ലം റെയിൽവേ സ്റ്റേഷന്റെ നിർമ്മാണ പുരോഗതി എൻ.കെ.പ്രേമചന്ദ്രൻ എം.പി. വിലയിരുത്തി. അടുത്ത വർഷം ഡിസംബറിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുമെന്നും എം.പി പറഞ്ഞു.

**വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.......**

(വോയ്സ്)

********************************

## അദാലത്ത് - മന്ത്രി എൻ. ഷംസുദ്ദീൻ

അധ്യാപക നിയമന പരാതികൾ സമയബന്ധിതമായി പരിഹരിക്കുമെന്ന് മന്ത്രി എൻ. ഷംസുദ്ദീൻ. സംസ്ഥാന സർക്കാരിൻറെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി നടത്തുന്ന അദാലത്ത്-റിസോൾവിന്റെ സംസ്ഥാനതല ഉദ്ഘാടനം കോട്ടയത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് നിയമനം തടസ്സപ്പെട്ട അധ്യാപകരുടെ പ്രശ്നം പരിഹരിച്ച് ഉടൻ ഉത്തരവിറക്കുമെന്നും മന്ത്രി പറഞ്ഞു.

********************************

## ഭാരതപ്പുഴ -തൃശ്ശൂർ (ഇൻട്രോ)

മഴമാറിയതോടെ, കനത്തചൂടിൽ ഭാരതപ്പുഴയിൽ വെള്ളം അതിവേഗം വറ്റിത്തുടങ്ങി. കടുത്ത കുടിവെള്ളക്ഷാമമാണ് മേഖല ഇനി നേരിടേണ്ടി വരുന്നത്.

RNU TVPM

**വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്..........**

(വോയ്സ്)

**********************************

## റൗണ്ട് ടേബിൾ കോൺഫറൻസ്

ബജറ്റിൽ പ്രഖ്യാപിച്ച പ്രധാന വികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനായി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന 'റീഇമാജിനിങ് കേരളം' റൗണ്ട് ടേബിൾ കോൺഫറൻസിന്റെ ലോഗോ മുഖ്യമന്ത്രി വി.ഡി.സതീശൻ പ്രകാശനം ചെയ്തു. ഈ മാസം 16 മുതൽ 18 വരെ തിരുവനന്തപുരത്താണ് പരിപാടി. മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ, വിവിധ മേഖലകളിലെ വിദഗ്ധർ എന്നിവരെ ഒരുമിച്ചുചേർത്ത് പദ്ധതികൾക്ക് രൂപം നൽകുകയും അവ നടപ്പാക്കുകയുമാണ് ലക്ഷ്യം.

RNU TVPM

**********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

**********************************

## കവരത്തി- ഗണേശ ചതുർത്ഥി

വിനായക ചതുർഥിയുടെ ഭാഗമായി സംസ്ഥാനത്ത് വിവിധയിടങ്ങളിൽ ആഘോഷ പരിപാടികൾ പുരോഗമിക്കുന്നു. ഗണപതി ക്ഷേത്രങ്ങളിൽ ഇന്ന് പ്രത്യേക പൂജകളും നടക്കുകയാണ്. ഗണേശ വിഗ്രഹങ്ങൾ ജലാശയങ്ങളിൽ നിമജ്ജനം ചെയ്യുന്ന ചടങ്ങോടെയാണ് ആഘോഷങ്ങൾക്ക്

സമാപനമാകുന്നത്. ഗണേശ ചതുർത്ഥിയുടെ ഭാഗമായി ലക്ഷദ്വീപിലും നിരവധി ഭക്തർ പങ്കെടുത്ത ഘോഷയാത്ര നടന്നു. കവരത്തി ശ്രീ മഹാദേവ ക്ഷേത്ര അങ്കണത്തിൽ പ്രത്യേക പൂജകളോടെ ഗണപതി വിഗ്രഹം പ്രതിഷ്ഠിച്ചു.

*********************************

## 108 ആംബുലൻസ്

സംസ്ഥാനത്തെ 108 ആംബുലൻസ് ജീവനക്കാർക്ക് 4,500 രൂപ ബോണസ് അനുവദിക്കാൻ മന്ത്രി ബിന്ദു കൃഷ്ണയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ തീരുമാനം. 108 ആംബുലൻസ് ജീവനക്കാരുടെ ബോണസ് സംബന്ധിച്ച് ലേബർ കമ്മീഷണർക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലായിരുന്നു യോഗം. ജീവനക്കാർ, കരാർ കമ്പനി, തൊഴിലാളി യൂണിയൻ തുടങ്ങിയവയുടെ പ്രതിനിധികൾ പങ്കെടുത്തു.

RNU TVPM

*********************************

## തിയറ്റർ റെയ്ഡ്

എറണാകുളം ജില്ലയിൽ വിവിധ തിയറ്ററുകളിൽ ജില്ലാ സപ്ലൈ ഓഫീസ്, ലീഗൽ മെട്രോളജി വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ പരിശോധന നടത്തി. തീയറ്ററുകളിൽ പ്രവർത്തിക്കുന്ന കഫേകളിൽ അമിത വില ഈടാക്കുന്നു എന്ന പരാതിയെ തുടർന്നാണ് സംയുക്ത സംഘം പരിശോധന നടത്തിയത്. മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തു.

*********************************

## ആധാർ സേവാ കേന്ദ്രം- (ഇൻട്രോ)

പത്തനംതിട്ട ജില്ലയിൽ പുതിയ ആധാർ സേവാ കേന്ദ്രം പ്രവർത്തന സജ്ജമായി. സംസ്ഥാനത്തെ മൂന്നാമത്തെ ആധാർ സേവാ കേന്ദ്രമാണ് ഇത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ല പ്രതിനിധി ശ്രീജി എസ്സ് ശ്രീധർ..**

(വോയ്സ്)

********************************

## കാലാവസ്ഥ

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, പാലക്കാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. തെക്കൻ കേരള തീരത്ത് ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കണ്ണൂർ - കാസറഗോഡ് ജില്ലകളിലെ തീരങ്ങളിൽ നാളെ രാത്രി 11.30 വരെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര വിവര വിശകലന കേന്ദ്രം അറിയിച്ചു.

RNU TVPM

********************************

## പട്ടയമേള - മലപ്പുറം - എ.പി അനിൽകുമാർ

പട്ടയ വിതരണത്തിൽ സംസ്ഥാനം വലിയ നേട്ടം കൈവരിച്ചതായി റവന്യൂ മന്ത്രി എ.പി അനിൽകുമാർ. ഇതിനോടകം പതിനായിരത്തിലധികം പേർക്ക്

പട്ടയം നൽകാൻ കഴിഞ്ഞതായും ഭൂമിയുടെ തരംമാറ്റവുമായി ബന്ധപ്പെട്ട് 35,000 അപേക്ഷകളിൽ തീരുമാനമെടുത്തതായും മലപ്പുറം മഞ്ചേരിയിൽ ജില്ലാതല പട്ടയമേള ഉദ്ഘാടനം ചെയ്യവെ അദ്ദേഹം പറഞ്ഞു. മഞ്ചേരി ലാൻഡ് ട്രിബ്യൂണൽ ഓഫീസിൽ സജ്ജമാക്കിയ ഔദ്യോഗിക വെബ് പോർട്ടലിൻറെ ഉദ്ഘാടനം അദ്ദേഹം നിർവഹിച്ചു.

**********************************

## മുകുളം പോർട്ട

പൊതുവിദ്യാലയങ്ങളിലെ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷകളിൽ അവസര സമത്വം ഉറപ്പാക്കാൻ സൗജന്യ എഐ അധിഷ്ഠിത പരിശീലന പോർട്ടൽ സജ്ജമാക്കി. കൈറ്റിന്റെ നേതൃത്വത്തിലാണ് മുകുളം പോർട്ടൽ സജ്ജമാക്കുന്നത്. പോർട്ടലിൻറെ ഉദ്ഘാടനം പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ ഷംസുദ്ദീൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. സാമ്പത്തിക പ്രതിസന്ധികൾ നേരിടുന്ന കുട്ടികൾക്ക് ദേശീയ-അന്തർദേശീയ പ്രവേശന പരീക്ഷകളിൽ സൗജന്യ പരിശീലനം നൽകുകയാണ് ലക്ഷ്യം.

RNUT VPM

**********************************

## നേപ്പാൾ - വൈദ്യുതി സഹായം

പ്രളയത്തെത്തുടർന്ന് ഊർജ്ജ പ്രതിസന്ധി നേരിടുന്ന നേപ്പാളിന് ദിവസേന 18 മണിക്കൂർ വൈദ്യുതി നൽകുന്നതിന് ഊർജ്ജ മന്ത്രാലയം അനുമതി നൽകി. കഴിഞ്ഞ ആഴ്ചയുണ്ടായ പ്രളയത്തിൽ നേപ്പാളിന്റെ ജലവൈദ്യുത പദ്ധതികളിൽ കേടുപാടുകൾ സംഭവിക്കുകയും ആഭ്യന്തര ഉൽപ്പാദന ശേഷി കുറയുകയും സാഹചര്യത്തിലാണ് തീരുമാനം. ഈ വർഷം ഡിസംബർ 31 വരെയാണ് വൈദ്യുതി നൽകുന്നത്.

************************************

## വൈദ്യുതി മുടങ്ങും

സംസ്ഥാനത്ത് ഇന്നു രാത്രിയും വൈദ്യുതി ഭാഗികമായി മുടങ്ങും. രാത്രി 12.45 വരെയായിരിക്കും നിയന്ത്രണം. ഞായറാഴ്ച വൈദ്യുതി ഉപഭോഗം ഉയർന്ന നിലയിലായിരുന്നുവെങ്കിലും വിതരണത്തിൽ തടസമുണ്ടായിരുന്നില്ല.

*************************************************************************************************************************************************

RNU TVPM